# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1973 10.03.2020-ൽ മറുപടിക്ക്

## തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് സമ്മേളനം ചേർന്നതിന്റെ സ്മാരകം

**ചോദ്യം**

ശ്രീ.വി.കെ.പ്രശാന്ത്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് 1938 ഡിസംബർ-22 ന് നിരോധനാജ്ഞ ലംഘിച്ച് വട്ടിയൂർ ക്കാവിൽ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് സമ്മേളനം ചേർന്നതിന്റെ സ്മാരകം പൊതു ജനങ്ങളെയും ചരിത്ര വിദ്യാർത്ഥി കളെയും ടൂറിസ്റ്റുകളെയും പരിചയ പ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് പുരാവസ്തു വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | പ്രസ്തുത സ്മാരകം പുരാവസ്തു വകുപ്പിന്റെ കീഴിലല്ല. ആയത് സംസ്ഥാന പുരാരേഖാ വകുപ്പന്റെ കീഴിലാണ്.<br><br>പുരാരേഖാ വകുപ്പിന്റെ കിഴിൽ, സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് വട്ടിയൂർക്കാവിൽ ചേർന്ന തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സ് സമ്മേളനത്തിന്റെ ഓർമ്മയ്ക്കായി വട്ടിയൂർ ക്കാവിൽ സ്വാതന്ത്ര്യസമരസ്മാരകം സ്ഥാപിച്ച് ആയത് പൊതുജനങ്ങൾക്കായി തുറന്ന് നൽകിയിട്ടുണ്ട്. സ്വാതന്ത്ര്യ ദിനത്തിലും, റിപ്പബ്ലക് ദിനത്തിലും പ്രസ്തുത സ്മാരകത്തിൽ ദേശീയ പതാക ഉയർത്തുകയും തുടർന്ന് വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികളെ സംഘടിപ്പിച്ച് പ്രമുഖ വ്യക്തികളെയും ഉൾപ്പെടുത്തി പ്രഭാഷണം, സംഗീത വിരുന്ന്, കലാവിരുന്ന് തുടങ്ങിയവ സംഘടിപ്പിച്ചു വരുന്നു. കൂടാതെ ഓണം വാരാഘോഷത്തോടനുബന്ധിച്ച് പ്രസ്തുത സ്മാരകത്തിൽ വൈദ്യുത ദീപാലങ്കാരം നടത്തുന്നു. അതോടൊപ്പം പുരാരേഖാ വകുപ്പ് വിവിധ സ്കൂളുകൾ / കോളേജുകളിൽ സംഘടിപ്പിക്കുന്ന ചരിത്രരേഖാ പ്രദർശനത്തിൽ സ്മാരകത്തിന്റെ വിവരണവും ചിത്രവും ഉൾപ്പെടുത്തി വരുന്നു. |
| (ബി) | ടൂറിസ്റ്റുകൾക്ക് ഈ സ്മാരകം സന്ദർശിക്കാൻ കഴിയും വിധമുള്ള എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്താൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത സ്മാരകത്തിന്റെ വിവരണവും ചിത്രവും സ്ഥലവും, ലൊക്കേഷനും ഉൾപ്പെടുത്തികൊണ്ട് പുരാരേഖാ വകുപ്പ് ഡിജിറ്റൽ മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന Map ഉപയോഗിച്ച് ടൂറിസ്റ്റുകൾക്ക് ഈ സ്മാരകത്തിന്റെ സ്ഥാനം നിർണ്ണയിക്കാനും, സ്മാരകത്തെ കുറിച്ച് മനസ്സിലാക്കുവാനും സാധിക്കുന്നതാണ്. |
| (സി) | ഈ സ്മാരകം സന്ദർശിക്കാൻ എത്തുന്നവർക്ക് പ്രയോജനകരമാം വിധം പൊതുശൗചാലയം, ഓപ്പൺ എയർ തീയറ്റർ, പുൽത്തകിടി, കുട്ടികൾക്കുള്ള കളിസ്ഥലം എന്നിവ സജ്ജീകരിക്കാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | നിലവിലെ സ്ഥലപരിമിതികളുള്ളിൽ നിന്നു കൊണ്ട് സ്മാരകത്തിന് ചുറ്റും പുൽത്തകിടിയും പൂന്തോട്ടവും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾക്കായി ശൗചാലയവും സജ്ജീകരിച്ചിട്ടുണ്ട്. സ്ഥലപരിമിതിയുള്ളതിനാൽ കുട്ടികൾക്കുള്ള കളിസ്ഥലം, ഓപ്പൺ എയർ തീയറ്റർ എന്നിവ സജ്ജീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. |

**സെക്ഷൻ ഓഫീസർ**